(ബി) ഈ വകുപ്പിൽ ഡ്രഗ്സ് ഇൻസ്പെക്ടർമാരുടെ പുതിയ തസ്തികകൾ സൃഷ്ടിച്ച് വകുപ്പ് കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) & (ബി) ഇതുസംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

ഭക്ഷ്യവസ്തുക്കളിലെ മായം ചേർക്കൽ

60 (6216) ശ്രീ. ബാബു. എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യവസ്തുക്കളിലെ മായം ചേർക്കൽ തടയുന്നതിന്റെ ഭാഗമായി, മായം ചേർക്കൽ കണ്ടെത്തുന്നതിനുള്ള പരിശോധന നടത്തുന്നതിനായി എത്ര ലബോറട്ടറികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട് ;

(ബി) സാമ്പിളുകൾ കഴിവതും വേഗത്തിൽ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ഗുരുതരമായ ആരോഗ്യ പ്രശ്നം ഉണ്ടാകുന്നത് കണക്കിലെടുത്ത് കൂടുതൽ ലബോറട്ടറികൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) സ്വീകരിക്കുമെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) മായം ചേർക്കൽ കണ്ടെത്തുന്നതിനുള്ള പരിശോധന നടത്തുന്നതിനായി തിരുവനന്തപുരത്ത് ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറിയും എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറികളും പത്തനംതിട്ടയിൽ ഡിസ്ട്രിക്ട് ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറിയും പ്രവർത്തിക്കുന്നുണ്ട്.

(ബി) സാമ്പിളുകൾ നിയമാനുസൃതം പരിശോധിച്ച് റിപ്പോർട്ടുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നുണ്ട്.

(സി) & (ഡി) ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

സർവ്വീസ് കാലയളവിൽ പി.ജി., ഡിഗ്രി, ഡിപ്ലോമ കോഴ്സുകൾക്ക് നിയമനം ലഭിച്ച ഡോക്ടർമാർ

61 (6217) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ വർഷം സർവ്വീസ് കാട്ടയിൽ പി. ജി. ഡിഗ്രി ഡിപ്ലോമ കോഴ്സുകൾക്ക് നിയമനം ലഭിച്ച ഡോക്ടർമാർ ആരൊക്കെ ;

(ബി) സർക്കാർ ബോണ്ട് പ്രകാരം റിട്ടയർമെന്റിന് ശേഷവും സേവനം അനുഷ്ഠിക്കുന്ന ആരൊക്കെയുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഈ ആളുകളുടെ സേവനം ഏത് സർവ്വീസ് ചട്ടം പ്രകാരം നടപ്പിലാക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2010-ൽ പി.ജി. മെഡിക്കൽ കോഴ്സുകൾക്ക് സർവ്വീസ് കാട്ടയിൽ പ്രവേശനം ലഭിച്ച ഡോക്ടർമാരുടെ പേര് വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) സർക്കാർ ബോണ്ട് പ്രകാരം റിട്ടയർമെന്റിന് ശേഷം സേവനം അനുഷ്ഠിക്കുന്ന ആരും തന്നെയില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

പുതുതായി തുടങ്ങിയ ആയുർവ്വേദ പി.ജി. കോഴ്സുകൾ

62 (6218) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ആയുർവ്വേദ പഠനത്തിൽ ഏതൊക്കെ പി. ജി. കോഴ്സുകളാണ് പുതുതായി അനുവദിച്ചത് ;

(ബി) ഏതൊക്കെ കോളേജുകളിൽ എത്ര സീറ്റു വീതമാണ് അനുവദിച്ചത് ;

(സി) ഈ സീറ്റുകൾ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ശല്യതന്ത്ര, രസശാസ്ത്രം, ദ്രവ്യഗുണ, സ്വസ്ഥവൃത്തം, പഞ്ചകർമ്മ എന്നീ പി.ജി. കോഴ്സുകൾ പുതുതായി അനുവദിച്ചിട്ടുണ്ട്.

(ബി) ഗവൺമെന്റ് ആയുർവ്വേദ കോളേജ്, തൃപ്പൂണിത്തുറ:

ശല്യതന്ത്ര	- 4
രസശാസ്ത്ര	- 4
ദ്രവ്യഗുണ	- 4
സ്വസ്ഥവൃത്തം	- 4

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly